# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1075** **11.02.2016 ൽ മറുപടിക്ക്**

## ബി.ആർ.സി ട്രെയിനർമാരുടെ സ്ഥലംമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.പി.കെ.അബ്ദു റബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് എത്ര പ്രൊട്ടക്റ്റഡ് അധ്യാപകരാണ് ബി. ആർ.സീ കളിൽ ട്രെയിനർമാരായി ഇപ്പോൾ നിലവിൽ ഉള്ളത്; ഇവരുടെ സ്ഥലം മാറ്റം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ ഉത്തരവ് പ്രകാരം ട്രാൻസ്ഫർ ചെയ്തവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് 46 സംരക്ഷിത അധ്യാപകർ ബി.ആർ.സി കളിൽ ട്രെയിനർമാരായി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഇവരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. ട്രാൻസ്ഫർ ചെയ്തവരുടെ വിശദാംശം ജില്ലതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | പത്തനംതിട്ട ജില്ലയിൽ 21.01.2015-ൽ ട്രെയിനർമാരെ ജില്ലാ പ്രോജക്ട് ഓഫീസർ ഏത് ഉത്തരവ് പ്രകാരമാണ് സ്ഥലം മാറ്റിയത്; അടിയന്തരമായി ഇവരെ സ്ഥലം മാറ്റാനുണ്ടായ കാരണം വ്യക്തമാക്കാമോ; ഇവരിൽ നിന്നും ട്രാൻസ്ഫർ അപേക്ഷ ക്ഷണിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; | ബി) | സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കത്ത് നം.എ 3-4482/2015/എസ്.എസ്.എ തീയതി 12.05.2015 പ്രകാരമാണ് സ്ഥലം മാറ്റം നൽകിയത്. എസ്.എസ്.എ യുടെ പ്രവർത്തനങ്ങളിൽ സംരക്ഷിത അധ്യാപകർ സജീവമായി ഇടപെടുന്നില്ല എന്ന ബി.പി.ഒമാരുടെ റിപ്പോർട്ടുകൾ പ്രകാരവും 2003 മുതൽ നാളിവരെ ഒരേ ബി.ആർ.സി യിൽ തുടരുന്നതായുള്ള കാരണത്താലുമാണ് സ്ഥലം മാറ്റ ഉത്തരവ് നൽകിയിട്ടുള്ളത്. അവരിൽ നിന്നും അപേക്ഷ സ്വീകരിച്ചതിനുശേഷമാണ് അവർക്ക് സൗകര്യപ്രദമായ ബി.ആർ.സികൾ നൽകിയത്. |
| സി) | 2003-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം വിന്യസിക്കപ്പെട്ട എയിഡഡ് സ്കൂളിലെ അധ്യാപകരെ ട്രാൻസ്ഫർ ചെയ്തപ്പോൾ ഇവർ ശമ്പളം വാങ്ങുന്ന ബന്ധപ്പെട്ട സ്കൂളുകൾക്ക് സ്ഥലംമാറ്റ ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | സി) | സ്ഥലംമാറ്റ ഉത്തരവിന്റെ പകർപ്പ് എ.ഇ.ഒ മാർക്കും സ്കൂൾ അധികൃതർക്കും നൽകിയിട്ടുണ്ട്. |
| ഡി) | അധ്യയന വർഷത്തിന്റെ അവസാനം ജില്ലാ പ്രോജക്ട് ഓഫീസർ ഇറക്കിയ സ്ഥലമാറ്റ ഉത്തരവിന് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ പിൻബലമുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ എന്ന് വിശദമാക്കാമോ? | ഡി) | ഭരണപരമായ സൗകര്യാർത്ഥം എസ്.എസ്.എ പ്രോജക്റ്റിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി ജില്ലയ്ക്കുള്ളിൽ പരാതിക്ക് ഇടം നൽകാതെ സ്ഥലം മാറ്റം നടത്തുന്നതിന് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ജില്ലാ പ്രോജക്ട് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ജില്ല | സംരക്ഷിത അധ്യാപകർ | സ്ഥലം മാറ്റം ചെയ്തവരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 4 | 1 |
| കൊല്ലം | 12 | |
| ആലപ്പുഴ | 2 | |
| പത്തനംതിട്ട | 9 | 8 |
| കോട്ടയം | 1 | 1 |
| ഇടുക്കി | 7 | |
| എറണാകുളം | 1 ട്രെയിനർ | |
| തൃശ്ശൂർ | 1 | 1 |
| പാലക്കാട് | 1 | |
| മലപ്പുറം | | |
| കോഴിക്കോട് | 2 | 2 |
| വയനാട് | | |
| കണ്ണൂർ | 5 | 5 |
| കാസർകോട് | 1 | |
| **ആകെ** | **46** | **18** |

10/3/16